4344
27/2/17

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്- കോട്ടയം ഡിവിഷനിലെ നഗരംപാറ റെയിഞ്ചിലെ ചുരുളി-വാഴത്തോപ്പ് എൻആർഎഫ് ക്ലൂപ്പകളിൽ നിന്നും മരങ്ങൾ നഷ്ടപ്പെടൽ-ശ്രീ.സി.ബാബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർക്കെതിരെയുള്ള അച്ചടക്ക നടപടി-കുറ്റവിമുക്തനാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.71/2017/വനം തീയതി, തിരുവനന്തപുരം, 25.02.2017.

പരാമർശം:- 1) 31.01.2012 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (എഫ്എംഐഎസ്) റുടെ ബി3-34706/2009 നമ്പർ കത്ത്

2) 21.08.2014 ലെ 2265/എ1/2014/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) സ.ഉ.(സാധാ) നം.166/2016/വനം തീയതി 22.04.2016

4) 26.09.2016 ലെ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

5) 18.11.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി3-34706/2009 നമ്പർ കത്ത്

6) 21.12.2016 ലെ 1022710/എ1/2016/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

7) 03.01.2017 തീയതിയായി ശ്രീ.സി.ബാബു, ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച വിശദീകരണം

8) 04.02.2017 ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) & അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി3-34706/2009 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ഡിവിഷനിലെ നഗരംപാറ റെയിഞ്ചിലെ ചുരുളി-വാഴത്തോപ്പ് എൻആർഎഫ് ക്ലൂപ്പകളിൽ നിന്നും മരങ്ങൾ നഷ്ടപ്പെട്ടതു നിമിത്തം സർക്കാർ നഷ്ടം ഉണ്ടായതുമായി ബന്ധപ്പെട്ട് പരാമർശം (1) ലെ ശുപാർശ പ്രകാരം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർമാരായ സർവ്വശ്രീ.സി.ബാബു, ബേബി സാജൻ, എന്നിവർക്ക് പരാമർശം (2) പ്രകാരം സർക്കാർ തലത്തിൽ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

2. ശ്രീ.സി.ബാബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്:

1) ടിയാൻ ചുരുളി-വാഴത്തോപ്പ് എൻആർഎഫ് ക്ലൂപ്പ് ജോലികളുടെ കാലാവധി അവസാനിച്ച 05.01.94 ൽ ഫോറസ്റ്റ് കോഡ് അനുശാസിക്കുന്ന തരത്തിൽ ക്ലൂപ്പ് തിരികെ ഏറ്റെടുക്കുന്നതിന് വീഴ്ച വരുത്തി എന്നും ഇതുമൂലം കോൺട്രാക്ടർ കോൺട്രാക്റ്റ് വ്യവസ്ഥകൾ എന്തെങ്കിലും ലംഘിച്ചിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിന് പരാജയപ്പെട്ടു.

2) ടിയാൻ കരാർ കാലാവധിക്കുശേഷം ക്ലൂപ്പ് പരിശോധിക്കുന്നതിലും മഹസ്സർ തയ്യാറാക്കി ഉത്തരവാദിത്വമുള്ള സ്റ്റാഫിനെക്കൊണ്ട് ഒപ്പിട്ടുവിച്ച് സ്വയം സാക്ഷ്യപ്പെടുത്തുന്നതിലും കോൺട്രാക്ടറെയോ ഏജന്റിനെയോ കൊണ്ട് ഒപ്പിട്ടുവിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് യഥാസമയം സമർപ്പിക്കുന്നതിനും പരാജയപ്പെട്ടു.

3) ടിയാൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ദയനീയമായി പരാജയപ്പെട്ടു.

3. കുറ്റാരോപിതർ പ്രതിവാദ പത്രിക സമർപ്പിച്ചതിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പ്രസ്തുത വിശദീകരണം തൃപ്തികരമല്ലായെന്ന് അഭിപ്രായം അറിയിച്ചതിനെത്തുടർന്ന് ടി വിഷയത്തിൽ ഒരു ഔപചാരിക അന്വേഷണത്തിന് പരാമർശം (3) പ്രകാരം ഉത്തരവായി.

4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (4) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് പരാമർശം (5) പ്രകാരം അഭിപ്രായ സഹിതം ലഭ്യമാക്കി.

5. ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകളും അതിന്മേലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ അഭിപ്രായവും ചുവടെ ചേർക്കുന്നു.

<u>ചാർജ്ജ് 1:</u>

ചുരുളി വാഴത്തോപ്പ് എൻ ആർ എഫ് ക്ലൂപ്പ് ജോലികൾ നടത്തുന്നതിന് കോൺട്രാക്ടർ ശ്രീ.ബേബി ജോസഫിന് അനുവദിച്ച കാലാവധി 05.01.1994 വരെ ആയിരുന്നു. 06.01.1994 ൽ ചുരുളി എൻ ആർഎഫ് ക്ലൂപ്പും വാഴത്തോപ്പ് എൻആർഎഫ് ക്ലൂപ്പും ബന്ധപ്പെട്ട ഫീൽഡ് സ്റ്റാഫ് മഹസ്സർ തയ്യാറാക്കി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. ടി രണ്ട് മഹസറുകളിലും ക്ലൂപ്പ് കോൺട്രാക്ടർ ശ്രീ.ബേബി ജോസഫും ഒപ്പിട്ടിട്ടുള്ളതാണ്. മഹസർ റെയിഞ്ച് ആഫീസർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. എന്നിരുന്നാലും മഹസറിലെ ഉള്ളടക്കത്തെപ്പറ്റിയോ അതിൽ പറയുന്ന വസ്തുതകളെ സംബന്ധിച്ചോ പിന്നീട് യാതൊരു തർക്കങ്ങളോ എതിരഭിപ്രായങ്ങളോ ഉണ്ടായിട്ടില്ല കൂടാതെ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 30.11.1996 ൽ ശ്രീ.ബേബി ജോസഫിന്റെ ബാധ്യത തിട്ടപ്പെടുത്തിയിട്ടുമുണ്ട്. അതിനാൽ മഹസർ

റെയിഞ്ച് ഓഫീസർ സാക്ഷ്യപ്പെടുത്തിയില്ല എന്നുള്ളത് നേരിയ ഒരു സാങ്കേതിക പിഴവെന്നല്ലാതെ ശിക്ഷാർഹമായ ഒരു കുറ്റമായി കണക്കാക്കാനാവില്ല.

<u>അഭിപ്രായം</u>

KFC Vol.III അനുബന്ധം VII പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മഹസ്സർ തയ്യാറാക്കുന്ന സമയം ഹാജരായില്ലെങ്കിൽ സ്റ്റാഫിനെക്കൊണ്ട് തയ്യാറാക്കി വെരിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റോടുകൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് സമർപ്പിച്ചാൽ മതി. പിന്നീട് വെരിഫൈ ചെയ്തില്ലായെന്ന സാങ്കേതിക പിഴവാണ് ടിയാന്റെ ഭാഗത്ത് നിന്നുണ്ടായത്. എന്നാൽ ഇതേ മഹസ്സറിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടറുടെ ബാധ്യത തിട്ടപ്പെടുത്തിയതിൽ നിന്നും ടിയാന്റെ പ്രവൃത്തി മൂലം സർക്കാർ നഷ്ടം ഉണ്ടായിട്ടില്ലെന്ന് കണ്ട് ടിയാനെ ഒന്നാമത്തെ ചാർജ്ജിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

<u>ചാർജ്ജ് 2:</u>

06.01.1994 ൽ രണ്ട് എൻആർഎഫ് ക്ലൂപ്പുകളും മഹസർ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാഫ് ഏറ്റെടുത്തിട്ടുള്ളതും ടി രണ്ട് മഹസറുകളിലും കോൺട്രാക്ടർ ശ്രീ.ബേബി ജോസഫ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ 09.11.1993, 26.11.1993 എന്നീ തീയതികളിൽ ശ്രീ.ബാബു ടി ക്ലൂപ്പകളിൽ പരിശോധന നടത്തിയിട്ടുള്ളതായും ടിയാന്റെ നിർദ്ദേശ പ്രകാരമായിരുന്നു ബന്ധപ്പെട്ട സ്റ്റാഫ് മഹസറുകൾ തയ്യാറാക്കി ടി ക്ലൂപ്പുകൾ ഏറ്റെടുത്തിട്ടുള്ളതെന്നും ശ്രീ.ബാബുവിന്റെ പ്രതിവാദ പത്രികയിൽ പറയുന്നത് പരിഗണനാർഹമാണ്. ടി മഹസറുകളുടെ അടിസ്ഥാനത്തിലാണ് കോൺട്രാക്ടറുടെ ബാധ്യത തിട്ടപ്പെടുത്തി കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവായിട്ടുള്ളതും ടി മഹസറുകൾ റെയിഞ്ച് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന ഒരു ചെറിയ ന്യൂനത മാത്രമേ ഇക്കാര്യത്തിൽ സംഭവിച്ചതായി കാണുന്നുള്ളൂ. ഇത് ശിക്ഷാർഹമായ ഒരു കുറ്റമായി കണക്കാക്കാനാവില്ല.

<u>ചാർജ്ജ് 3:</u>

മഹസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന ന്യൂനത ഒഴിച്ചാൽ ടിയാൻ തന്റെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കാണുന്നില്ല.

<u>2, 3 ചാർജ്ജുകളിന്മേലുള്ള അഭിപ്രായം:</u>

ശ്രീ.ബാബുവിന്റെ നിർദ്ദേശപ്രകാരം സ്റ്റാഫ് 06.01.1994 ൽ ക്ലൂപ്പ് ഏറ്റെടുക്കുവാൻ മഹസ്സർ തയ്യാറാക്കി. അതിനു മുൻപ് ടിയാൻ ടി എൻആർഎഫ് ക്ലൂപ്പുകൾ പരിശോധിച്ചിരുന്നു. കോൺട്രാക്ടർ മഹസ്സറിൽ ഒപ്പുവച്ചു. മഹസ്സർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടറുടെ ബാധ്യത പിന്നീട് തിട്ടപ്പെടുത്തി. മഹസ്സറിൽ സാക്ഷ്യപ്പെടുത്തി ഒപ്പുവച്ചില്ല എന്ന ചെറിയ ന്യൂനത സംഭവിച്ചു എങ്കിലും അതുമൂലം സർക്കാർ നഷ്ടം ഉണ്ടായിട്ടില്ല.മേൽപ്പറഞ്ഞതൊഴികെ കൃത്യനിർവ്വഹണത്തിൽ ഗൗരവതരമായ വീഴ്ചയൊന്നും ഉണ്ടായിട്ടുമില്ല. ആയതു പരിഗണിച്ച് ടിയാനെ 2,3 ചാർജ്ജുകളിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

6. അന്വേഷണ റിപ്പോർട്ട് പ്രകാരം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർക്കെതിരെയുള്ള മൂന്ന് ചാർജ്ജുകളും നിലനിൽക്കുന്നതല്ലായെന്നും ശ്രീ.ബേബി

സാജനെതിരെയുള്ള 4 ചാർജ്ജുകൾ ഭാഗികമായി തെളിഞ്ഞതായും അന്വേഷണാധികാരി കണ്ടെത്തി.

7. അന്വേഷണാധികാരിയുടെ കണ്ടെത്തലുകളോട് യോജിച്ചുകൊണ്ട് കുറ്റാരോപിതരെ ചാർജ്ജുകളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്തു.

8. അന്വേഷണ റിപ്പോർട്ടിൽ നിന്നും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, ഫോറസ്റ്റ് കോഡ് അനുസരിച്ചും അസിസ്റ്റന്റ് കൺസർവേറ്റർമാരായ സർവ്വശ്രീ.സി.ബാബു, ബേബി സാജൻ എന്നിവരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി തെളിഞ്ഞിരിക്കുന്നു, എന്നാൽ ഇതെല്ലാം സാങ്കേതിക പിഴവ് മാത്രമാണെന്ന നിഗമനവും, നടപടി ആവശ്യമില്ലെന്ന ഔപചാരികാന്വേഷണാധികാരിയുടെ ശുപാർശയും അംഗീകരിക്കാവുന്നതല്ല. കർത്തവ്യങ്ങളും, ഉത്തരവാദിത്തങ്ങളും വ്യക്തമായി നിർവ്വചിച്ച ചട്ടങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളപ്പോൾ (കേരള ഫോറസ്റ്റ് കോഡ്) അതനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥർ അതിൽ വീഴ്ച വരുത്തുന്നത് വെറും സാങ്കേതിക പിഴവായി കാണാനാവുന്നതല്ല.

9. വനം വകുപ്പിലെ ഉത്തരവാദിത്തപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരെന്ന നിലയിൽ, ഫോറസ്റ്റ് കോഡിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ടിയാന്മാരെ പൂർണ്ണമായും കുറ്റവിമുക്തരാക്കണമെന്ന ശുപാർശ അംഗീകരിക്കാവുന്നതല്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 11 (iii) പ്രകാരം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുമാരായ സർവ്വശ്രീ.സി.ബാബു, ബേബി സാജൻ എന്നിവർക്ക് 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയാൻ' സർക്കാർ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ടി നോട്ടീസിന് ശ്രീ.ബേബി സാജൻ കൈപ്പറ്റും വിശദീകരണവും സമർപ്പിച്ചിട്ടില്ല.

10. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.സി.ബാബു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (7) പ്രകാരം വിശദീകരണം സമർപ്പിച്ചു. ടി വിശദീകരണത്തിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (8) പ്രകാരം അഭിപ്രായം അറിയിച്ചു.

11. ടിയാൻ കുറ്റപത്രത്തിന് നൽകിയ പ്രതിവാദ പത്രികയ്ക്ക് സമാനമായ വിശദീകരണമാണ് വീണ്ടും നൽകിയിരിക്കുന്നത്.

12. കൂപ്പുജോലികൾ നടന്ന സമയത്ത് ടിയാൻ കൂപ്പ് പരിശോധന നടത്തിയെങ്കിലും കൂപ്പ് ജോലികൾ തീർന്ന 05.01.1994 ന് ശേഷം കൂപ്പ് പരിശോധന നടത്തിയതിന്റെ വിവരം നൽകിയിട്ടില്ലായെന്നതും കൂപ്പ് തിരികെ ഏറ്റെടുത്ത് മഹസ്സർ സാക്ഷ്യപ്പെടുത്തി നൽകിയില്ലെന്നതും ശ്രീ.ബാബുവിന്റെ ഭാഗത്തുള്ള വീഴ്ചയാണെന്നതിനോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) യോജിച്ചിട്ടുണ്ട്.

13. എന്നിരുന്നാലും ടിയാൻ നൽകിയ വിശദീകരണം പരിഗണിച്ചുകൊണ്ടും തന്റെ ജോലിയിൽ അങ്ങേയറ്റം ആത്മാർത്ഥത പുലർത്തിയിട്ടുണ്ടെന്നും അതിനു ഫലമായി 2 തവണ അവാർഡ് ലഭിച്ചിട്ടുണ്ടെന്നും ഇപ്പോൾ ഐ.എഫ്.എസിലേയ്ക്ക് പ്രൊമോഷൻ കിട്ടുവാൻ സാധ്യതയുണ്ടെന്നും ടിയാൻ വിശദീകരണത്തിൽ പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും മേൽ വസ്തുതകളും മുൻപു നൽകിയ അഭിപ്രായങ്ങളും കൂടി ദയാപരമായി പരിഗണിച്ചും ടിയാനെ കുറ്റവിമുക്തനാക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർ (ഭരണം) ശുപാർശ ചെയ്തു.

14. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.സി.ബാബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ടിയാന്റെ ജോലിയിൽ അങ്ങേയറ്റം ആത്മാർത്ഥത പുലർത്തിയിട്ടുണ്ടെന്നതും അതിനു ഫലമായി രണ്ട് തവണ അവാർഡ് ലഭിച്ചിട്ടുണ്ടെന്നതും കണക്കിലെടുത്തും കുറ്റപത്രത്തിന് ടിയാൻ നൽകിയ വിശദീകരണം അംഗീകരിച്ചുകൊണ്ടും ടിയാനെ കുറ്റവിമുക്തനാക്കാവുന്നതാണെന്ന അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർ (ഭരണം) ന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ശ്രീ.സി.ബാബു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററിനെതിരെയുള്ള ചാർജ്ജുകളിൽ നിന്നും കുറ്റവിമുക്തനാക്കി പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

15. ശ്രീ.ബേബി സാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെ പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അനിൽകുമാർ.ജി
അഡീഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.സി.ബാബു, ഡെപ്യൂട്ടി ഡയറക്ടർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ